## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.608 | 24/01/2018 ൽ മറുപടിക്ക് |

### ഖാദി മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അനൂപ് ജേക്കബ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഖാദി മേഖലയിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (എ) | ഖാദി മേഖലയിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ആധുനിക സംവിധാനങ്ങൾ പുതുതായി നടപ്പിലാക്കുന്നതിൽ പരിമിതികൾ ഉണ്ടെങ്കിലും ഗുണമേന്മയുള്ള പഞ്ഞിയിൽ നിന്നും കുറ്റമറ്റ നൂലുണ്ടാക്കി അതുപയോഗിച്ച് സൂക്ഷ്മതയോടെ ഊടും പാവും കൃത്യമായി ഉപയോഗിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് കൂടുതൽ ആകർഷകത്വം വരുത്തുന്ന രീതിയിൽ കാലാനുസൃതമായ ഡിസൈനുകളിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ഡിസൈൻ സെന്റർ ആരംഭിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ട്.<br>ഒരു വർഷത്തെ നൂൽ ഉല്പാദനത്തിന് ആവശ്യമായ കോട്ടൺ വർഷാവർഷം വാങ്ങി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഏറ്റുകുടുക്ക പരുത്തി സംസ്കരണ യൂണിറ്റ് വഴി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് |
| (ബി) | ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ | (ബി) | ഖാദി മേഖലയിൽ നിലവിലുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് പുറമെ സംസ്ഥാനത്തെ എല്ലാ മേഖല |

| | | | |
|---|---|---|---|
| | പദ്ധതികൾ എന്തൊക്കെയാണ്; | | യിലുമുള്ള ഖാദി തൊഴിലാളികളെ ഇ.എസ്.ഐ പരിധിയിൽ ഉൾപ്പെടുത്തി അംഗങ്ങളാക്കുകയും ഇതിലേയ്ക്കുള്ള തൊഴിലാളി വിഹിതം (കൂലിയുടെ 6 ½ ശതമാനം) ബോർഡ് വഹിക്കുന്നുമുണ്ട്. എല്ലാ ഖാദി തൊഴിലാളികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. ഇവരുടെ കൂലി കോസ്റ്റ് ചാർട്ട് പ്രകാരം 40% മുതൽ 60% വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും സർക്കാർ നിയോഗിച്ച ഉപദേശക സമിതിയുടെ 11-ാം കമ്മിറ്റി നിർദ്ദേശങ്ങളുടെ പ്രാഥമിക വിജ്ഞാപനം (കരട്) തയ്യാറായിട്ടുണ്ട്. |
| (സി) | ഖാദി ഗ്രാമം പദ്ധതിയിലൂടെ കഴിഞ്ഞ വർഷം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ; | (സി) | ഖാദി ഗ്രാമം പദ്ധതി 2017-18 വർഷത്തിൽ നടപ്പിലാക്കുന്നതിലേയ്ക്കായി ആദ്യ ഗഡുവായി ഒരു കോടി രൂപ ഖാദി ബോർഡിന് അനുവദിച്ചിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ 600 തൊഴിലാളികൾക്ക് നൂല്പ് മേഖലയിലും, 400 തൊഴിലാളികൾക്ക് നെയ്ത്ത് മേഖലയിലും തൊഴിൽ നൽകുന്ന തരത്തിൽ ഈ ജില്ലകളിലെ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പദ്ധതി ഖാദി ബോർഡ് നടപ്പിലാക്കി വരുന്നു. |
| (ഡി) | വ്യാജ ഖാദിയുടെ വിപണനം വ്യാപകമാണെന്നതിനാൽ അത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (ഡി) | വ്യാജ ഖാദിയുടെ വിപണനം തടയുന്നതിന് കേന്ദ്ര ഖാദി കമ്മീഷനിൽ നിന്നാണ് നടപടികൾ സ്വീകരിക്കേണ്ടത്. ഇക്കാര്യത്തിൽ ഖാദി ബോർഡ് പബ്ലിസിറ്റി ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് ദൃശ്യ പത്ര മാധ്യമങ്ങൾ മുഖേന വ്യാജ ഖാദി തിരിച്ചറിയുന്നതിനുള്ള പരസ്യങ്ങൾ നൽകി ജനങ്ങൾക്ക് ബോധവല്ക്കരണം നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഒന്നുമുതൽ എട്ടു വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം നൽകുന്നതിനുള്ള പദ്ധതി കഴിഞ്ഞ വർഷം പ്രഖ്യാപിച്ചുവെങ്കിലും ഒന്നു മുതൽ അഞ്ചു വരെയുള്ള സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി ഇത് നിജപ്പെടുത്തുകയുണ്ടായോ ; ഈ പദ്ധതി ഖാദി മേഖലയിലെ തൊഴിലവസരങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റം വിശദമാക്കുമോ ; | (ഇ) | 2017-18 വർഷം ഒന്നുമുതൽ 5 വരെയുള്ള സർക്കാർ സ്കൂൾ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് സൗജന്യ കൈത്തറി യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. 2018-19 അദ്ധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ മേഖലയിലെ ഒന്നു മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം നൽകുന്നതിനുള്ള പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൈത്തറി മേഖലയിൽ ഉല്പാദന വർദ്ധനവിന് അനുസരിച്ച് കൂടുതൽ വിദ്യാർത്ഥികളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ഖാദി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ ഉണ്ടായിട്ടില്ല. |
| (എഫ്) | ഖാദി മേഖലയിലെ വേതനം പരിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (എഫ്) | ഖാദി മേഖലയിലെ വേതനം 02/10/2016 ൽ കോസ്റ്റ് ചാർട്ട് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം നൂൽപ്പ് തൊഴിലാളികൾക്ക് 61% വും പ്രീ-പ്രോസസിംഗ് തൊഴിലാളികൾക്കും നെയ്ത്തു തൊഴിലാളികൾക്കും 40%വും കൂലി വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ഖാദി മേഖലയിൽ മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ട്. പൂരക വരുമാന പദ്ധതി പ്രകാരമുള്ള കൂലി കൂടി നൽകുന്നുണ്ട്. അത് പരിഷ്കരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ